**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*409 18.12.2014 -ലെ മറുപടിയ്ക്ക്

## ചാൻസലേഴ്സ് കൗൺസിൽ

*ചോദ്യം*

ശ്രീമതി. ഇ. എസ്. ബിജിമോൾ
ശ്രീ. ഇ. ചന്ദ്രശേഖരൻ
,, ചിറ്റയം ഗോപകുമാർ
,, വി. ശശി

*ഉത്തരം*

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചാൻസലേഴ്സ് കൗൺസിലിൽ അംഗങ്ങളാകാനുള്ള യോഗ്യത എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | 25.11.2014 ലെ GS5-3094/2014 ഉത്തരവിലൂടെ സർവ്വകലാശാല ചാൻസലർ കൂടിയായ ബഹു.ഗവർണ്ണർ ചാൻസലേഴ്സ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. ചാൻസലർ, പ്രോ ചാൻസലർ, ഹയർ എഡ്യൂക്കേഷൻ കൗൺസിൽ വൈസ് ചെയർമാൻ, ചാൻസലറുടെ അധികാര പരിധിയിലുള്ള സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാർ, ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, ഗവർണറുടെ സെക്രട്ടറി എന്നിവരാണ് പ്രസ്തുത കൗൺസിലിലെ അംഗങ്ങൾ. ഗവർണറുടെ സെക്രട്ടറിയാണ് ചാൻസലേഴ്സ് കൗൺസിലിന്റെ കൺവീനർ. |
| (ബി) | പ്രസ്തുത കൗൺസിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിട്ടാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | കേരളത്തിലെ സർവ്വകലാശാലകൾ തമ്മിലും സർക്കാരുമായും സഹകരണം പരിപോഷിപ്പിക്കുന്നതിനും സർവ്വകലാശാലകളുടെ പ്രവർത്തനം അതിന്റെ ഔന്നത്യത്തിലാണെന്ന് ഉറപ്പുവരുത്തുന്നതിനും കേരളത്തിലെ ജനങ്ങൾക്ക് അന്താരാഷ്ട്ര നിലവാരമുള്ള ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുള്ള ഏകോപന പ്രവർത്തനങ്ങൾ സംജാതമാക്കുന്നതിനും വേണ്ടിയുള്ള ഒരു ഉപദേശക സമിതി എന്ന നിലയ്ക്കാണ് പ്രസ്തുത കൗൺസിൽ രൂപീകരിച്ചത്. |

സെക്ഷൻ ഓഫീസർ